## കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ: ഇ ബി(1) 3/2010 തിരുവനന്തപുരം, തീയതി 27/08/2010

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ സ്ഥലംമാറ്റം – നിയമനം – ചുമതലാ കൈമാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം : ജി ഒ (ആർ.റ്റി) നമ്പർ: 551/2010/കോ-ഓപ്പ് തീയതി 27/08/2010.

മേൽ പരാമർശ പ്രകാരം താഴെ പേര് പറയുന്ന സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരെ അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന തസ്തികകളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | പേരും, നിലവിലുള്ള തസ്തികയും | സ്ഥലം മാറ്റി നിയമിച്ച തസ്തിക |
|---|---|---|
| 1 | ശ്രീ. കെ.പി. ഉദയഭാനു,<br>ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ,<br>മലപ്പുറം ജില്ല സഹകരണ ബാങ്ക്. | ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്),<br>മലപ്പുറം |
| 2 | ശ്രീമതി. വി.എം.ഗീത,<br>ജോയിന്റ് രജിസ്ട്രാർ(ആഡിറ്റ്),<br>മലപ്പുറം | ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്,. |
| 3 | ശ്രീ. പോൾ ലെസ്ലി,<br>ജോയിന്റ് രജിസ്ട്രാർ(ആഡിറ്റ്),<br>കണ്ണൂർ | ജോയിന്റ് രജിസ്ട്രാർ (ജനറൽ),<br>പത്തനംതിട്ട |
| 4 | ശ്രീ. ജോസ്കുട്ടി ജോസഫ്,<br>ജോയിന്റ് രജിസ്ട്രാർ (ജനറൽ),<br>പത്തനംതിട്ട | ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്ക്,<br>വയനാട്. |
| 5 | ശ്രീ.പി.എം. തോമസ്സ്,<br>ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ,<br>ജില്ലാ സഹകരണ ബാങ്ക്, വയനാട്. | ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്),<br>കണ്ണൂർ |

മുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥലം മാറ്റങ്ങളോടനുബന്ധിച്ച് ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, സ്ഥലം മാറ്റി നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും ചുവടെ പറയും പ്രകാരം നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഉത്തരവ്

(1) മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. കെ.പി. ഉദയഭാനുവിനെ ടി തസ്തികയിൽ നിന്നും സ്ഥലം മാറ്റിയതിനെ തുടർന്ന് വഹിച്ചു വരുന്ന തസ്തികയുടെ ചുമതല സ്വയം വഹിച്ചു കൊണ്ട് മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) തസ്തികയുടെ ചുമതല ടി തസ്തികയുടെ അധിക ചുമതല വഹിച്ചു വരുന്ന മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

(2) ഇപ്പോൾ വിനിമയാവധിയിൽ തുടരുന്ന ജോയിന്റ് രജിസ്ട്രാർ ശ്രീമതി. പി.എം. ഗീത അവധി അവസാനിക്കുന്ന മുറയ്ക്ക് മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ തസ്തികയുടെ ചുമതല ടി തസ്തികയുടെ അധിക ചുമതല വഹിച്ചു വരുന്ന മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) ൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

(3) കണ്ണൂർ, ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.പോൾ ലെസ്‌ലിയെ ടി തസ്തികയിൽ നിന്നും സ്ഥലം മാറ്റിയതിനെ തുടർന്ന് വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടി തസ്തികയിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ശ്രീ. പി.എം. തോമസ്സിന് കൈമാറിയ ശേഷം പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) തസ്തികയുടെ ചുമതല ടി തസ്തികയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജോയിന്റ് രജിസ്ട്രാർ ശ്രീ. ജോസ്കുട്ടി ജോസഫിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

(4) പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ജോസ്കുട്ടി ജോസഫിനെ ടി തസ്തികയിൽ നിന്നും സ്ഥലം മാറ്റിയതിനെ തുടർന്ന് വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടി തസ്തികയിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ജോയിന്റ് രജിസ്ട്രാർ ശ്രീ. പോൾ ലെസ്‌ലിയ്ക്ക് കൈമാറിയ ശേഷം വയനാട് ജില്ലാ സഹകരണ ബാങ്കിലെ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ തസ്തികയുടെ ചുമതല ടി തസ്തികയുടെ അധിക ചുമതല വഹിച്ചു വരുന്ന വയനാട് ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) ൽ നിന്നും ഏറ്റെടുക്കേതാണ്.

(5) വയനാട് ജില്ലാ സഹകരണ ബാങ്കിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. പി.എം. തോമസ്സിനെ ടി തസ്തികയിൽ നിന്നും സ്ഥലം മാറ്റിയതിനെ തുടർന്ന് വഹിച്ചു വരുന്ന തസ്തികയുടെ ചുമതല വയനാട് ജോയിന്റ് രജിസ്ട്രാർ(ആഡിറ്റ്) ന് കൈമാറിയ ശേഷം കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) തസ്തികയുടെ ചുമതല ടി തസ്തികയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജോയിന്റ് രജിസ്ട്രാർ ശ്രീ. പോൾ ലെസ്‌ലിയിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

മേൽ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാ

ദേണ്ടതാണ്. ബന്ധപ്പെട്ട ആഫീസർമാർ ചുമതല കൈമാറിയതിന്റെയും, ഏറ്റെടുത്ത തിന്റെയും ചുമതല കൈമാറ്റ റിപ്പോർട്ടിന്റെ പകർപ്പ് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം; ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം; സഹകരണ സംഘം രജിസ്ട്രാർ എന്നി വർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

ഒപ്പ്
റാണി ജോർജ്ജ്. ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തികൾക്ക്:

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3) സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം.
4) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
5) ജില്ലാ ട്രഷറി ആഫീസർ മലപ്പുറം, കണ്ണൂർ, പത്തനംതിട്ട, വയനാട്.
6) ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മലപ്പുറം, കണ്ണൂർ, പത്തനംതിട്ട, വയനാട്
7) സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ ബി)